പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5344

2.7.2013 ൽ
മറുപടിയ്ക്ക്

വിവരസാങ്കേതിക രംഗത്ത് നൂതന സംരംഭങ്ങൾ

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി ; | | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|
| ഈ സർക്കാർ അധികാരമേറ്റ ശേഷം വിവരസാങ്കേതിക രംഗത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന സംരംഭങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | | ഈ സർക്കാർ അധികാരമേറ്റ ശേഷം വിവര സാങ്കേതിക രംഗത്ത് താഴെപ്പറയുന്ന നൂതന സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു. |
| | 1 | ടെക്നോപാർക്കിന്റെ നാലാംഘട്ട വികസന പദ്ധതിയായി തിരുവനന്തപുരം പള്ളിപ്പുറത്ത് ആരംഭിക്കുന്ന ടെക്നോസിറ്റിയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ടെക്നോസിറ്റിക്കായി അക്വയർ ചെയ്ത 451 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടി ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. ഇതിൽ ഏകദേശം 57.09 ഹെക്ടർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) Formal Approval ലഭിച്ചിട്ടുണ്ട്. പ്രസ്തുത ടെക്നോസിറ്റിയിൽ ഇൻഫോസിസിന്റെ കേരളത്തിലെ രണ്ടാമത്തെ കാമ്പസ് തുടങ്ങുന്നതിനായി ഏകദേശം 50 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. |
| | 2 | തിരുവനന്തപുരത്ത് ഒരു Knowledge City ആരംഭി-ക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| | 3 | മലപ്പുറം ജില്ലയിൽ അരീക്കോട് ഒരു ഐ.ടി. പാർക്ക് ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | 4 | കോട്ടയം ജില്ലയിൽ പാലായിൽ മീനച്ചിൽ താലൂക്കിൽ വള്ളിച്ചിറ വില്ലേജിൽ ഇൻഫോസിറ്റി പാലാ എന്ന പേരിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| | 5 | കോട്ടയം ജില്ലയിൽ പാലായിൽ മീനച്ചിൽ താലൂക്കിൽ വള്ളിച്ചിറ വില്ലേജിൽ IIIT-Kerala എന്ന പേരിൽ ഒരു അക്കാദമി സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. |

6 ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനം വേഗത്തിലാക്കിയതോടൊപ്പം ഇൻഫോപാർക്കിന്റെ കൊരട്ടി കാമ്പസിൽ മൂന്നര ലക്ഷം ചതുരശ്ര അടിയിൽ ബഹുനില ഐ.ടി. മന്ദിര നിർമ്മാണത്തിന് തുടക്കം കുറിച്ചു.

7 യുവാക്കളെയും വിദ്യാർത്ഥികളേയും ഐ.ടി. വ്യവസായ സംരംഭകരാക്കുന്നതിന്, സ്റ്റാർട്ട് അപ്പ് വില്ലേജ് എന്ന പേരിൽ കളമശ്ശേരിയിൽ ഒരു ടെലികോം ഇൻക്യുബേറ്റർ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ആരംഭിച്ചു. അതോടൊപ്പം NRI നിക്ഷേപകർക്ക് ഐ.ടി. യിൽ അവസരം ഒരുക്കുന്നതിന് NRI TBI എന്ന പേരിൽ ഇൻഫോപാർക്കിൽ Incubator ആരംഭിച്ചിട്ടുണ്ട്.

8 ടെലികോം മേഖലയിൽ നൂതന ആശയങ്ങളുള്ള വിദ്യാർത്ഥികളെ സ്വയം സംരംഭകരാക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാർട്ട് അപ്പ് വില്ലേജുകൾ ആവിഷ്കരിച്ചു. ഇതുവരെ 750 ഓളം സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ 10 ഓളം കമ്പനികൾ പ്രവർത്തിക്കുന്നു.

9 സ്റ്റുഡന്റ് ഇന്റർപ്രണർഷിപ്പ് പോളിസി പ്രകാരം നൂതന സംരംഭം തുടങ്ങുന്ന വിദ്യാർത്ഥികളെ സഹായിക്കാൻ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സ്റ്റാർട്ട് അപ്പ് ഇൻക്യുബേറ്ററുകൾ ആരംഭിക്കുവാനും, കൊച്ചിയിൽ ഇന്നോവേഷൻ സോൺ തുടങ്ങുവാനും ടെക്നോപാർക്ക് ടി.ബി.ഐ. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ